LIBRARY ARCHIVES Kerala Legislative Assembly

(2) പ്രവേശന നിയന്ത്രണം

ശ്രീ. എ. കെ. എം. അഷ്റഫ്: സർ, മഞ്ചേശ്വരം മണ്ഡലത്തിലെ അതിർത്തി വീണ്ടും സംഘർഷഭരിതമാണ്. അതിർത്തിയിലെ ജനങ്ങൾ മുഴുവൻ ആശങ്കയിലാണ്. കേരള-കർണ്ണാടക അതിർത്തിയായ തലപ്പാടി കർണ്ണാടക സർക്കാർ രണ്ടാം തീയതി മുതൽ വീണ്ടും അടച്ചിട്ടിരിക്കുകയാണ്. കാസർഗോഡ് ജില്ലയിലെ, പ്രത്യേകിച്ച് മഞ്ചേശ്വരം താലൂക്കിലെ ജനങ്ങൾ വിദ്യാഭ്യാസ-ആരോഗ്യ-വ്യാപാര ആവശ്യങ്ങൾക്ക് പരമ്പരാഗതമായി മംഗലാപുരം നഗരത്തെയാണ് ആശ്രയിക്കുന്നത്. എന്റെ പ്രദേശത്തെ 50 ശതമാനം ആളുകളുടെ ജനന-മരണ സർട്ടിഫിക്കറ്റുകൾ മംഗലാപുരം കോർപ്പറേഷനിൽ നിന്നാണ് ലഭിച്ചിട്ടുള്ളത്. മംഗലാപുരത്ത് കോവിഡ് വർദ്ധിക്കാനുള്ള കാരണം അതിർത്തിയിലെ ജനങ്ങളാണെന്ന് പറഞ്ഞുകൊണ്ടാണ് അതിർത്തി അടച്ചിട്ടിരിക്കുന്നത്. ഈ കാരണംകൊണ്ട് പരീക്ഷ എഴുതുന്ന വിദ്യാർത്ഥികൾ, ഡയാലിസിസ് ചെയ്യുന്ന വൃക്കരോഗികൾ, കാൻസർ രോഗികൾ, പ്രസവ ചികിത്സയ്ക്കായി പോകുന്നവർ, ജോലി ആവശ്യത്തിനായി പോകുന്നവർ, തൊഴിലാളികൾ, വിമാനത്താവളത്തിലേയ്ക്ക് പോകുന്നവരുൾപ്പെടെയുള്ളവർ സഞ്ചാര സ്വാതന്ത്ര്യം നിഷേധിക്കപ്പെട്ട് വളരെ പ്രയാസത്തിലാണ്. വിദ്യാർത്ഥികൾക്കാണെങ്കിൽ പരീക്ഷ എഴുതാൻ കഴിയാത്ത സാഹചര്യമുണ്ട്. കർണ്ണാടകയിൽ കോവിഡ് രോഗികൾ വളരെ കൂടുതലാണ്. മംഗലാപുരത്ത് ഞാൻ പോയ സന്ദർഭത്തിലൊക്കെ അവിടെ മാസ്ക് ധരിക്കാതെ അശ്രദ്ധയോടെ ആളുകൾ സഞ്ചരിക്കുന്നതാണ് കാണാൻ കഴിഞ്ഞത്. നിയന്ത്രണങ്ങളില്ലാത്തതിനാലാണ് മംഗലാപുരത്ത് കോവിഡ് വർദ്ധിച്ചത്. കേരളത്തിൽനിന്നുള്ളവരെല്ലാം കോവിഡ് പ്രോട്ടോക്കോൾ കൃത്യമായി പാലിച്ചാണ് അവിടെ പോകുന്നത്. മംഗലാപുരം നഗരത്തിൽ മാസ്ക് ധരിക്കാത്തതിന്റെ പേരിലാണ് ഈയൊരു പ്രശ്നമുണ്ടായത്. 2020-ൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി വളരെ ഗൗരവത്തോടുകൂടി ഇടപെട്ടൊരു കാര്യമാണ്. ലോക്ഡൗൺ പ്രഖ്യാപിച്ച സമയത്ത് അതിർത്തി അടച്ചതിന്റെ പേരിൽ 22 ജീവനാണ് അതിർത്തിയിൽ പിടഞ്ഞ് മരിച്ചത്. ഇന്ന് അവിടെ എല്ലാ രാഷ്ട്രീയ പാർട്ടികളുടെ ആളുകളും അതിശക്തമായ സമരം നടത്തിക്കൊണ്ടിരിക്കുകയാണ്. അതോടൊപ്പം കർണ്ണാടക ഹൈക്കോടതിയിൽ കാസർഗോഡുകാരനായ അഡ്വ. സുബയ്യ റായ് സമർപ്പിച്ച കേസ്സിൽ 'അതിർത്തി അടയ്ക്കരുത് ' എന്ന കർണ്ണാടക ചീഫ് ജസ്റ്റിസ് അഭയ് ശ്രീനിവാസ് ഓഖ പുറപ്പെടുവിച്ച ഉത്തരവ് നിലനിൽക്കുന്നുണ്ട്. കേരള സർക്കാർ ഇക്കാര്യത്തിൽ അടിയന്തരമായ ഇടപെടൽ നടത്തേണ്ടതുണ്ട്. അതുപോലെ ലണ്ടനിലേയ്ക്കും ജി.സി.സി. രാഷ്ട്രങ്ങളിലേയ്ക്കും രണ്ട് ഡോസ് വാക്സിൻ എടുത്തവർക്ക് പോകാൻ

അവസരം ലഭിക്കുമ്പോൾ കർണ്ണാടക മുഖ്യമന്ത്രി പറയുന്നത്, രണ്ട് ഡോസ് വാക്സിൻ എടുത്തിട്ടാണെങ്കിലും കേരളീയർ നിർബന്ധമായും 72 മണിക്കൂറിനുള്ളിൽ ആർ.ടി.പി.സി.ആർ. ടെസ്റ്റ് നടത്തിവരണമെന്നാണ്. അതോടൊപ്പം സൂചിപ്പിക്കാനുള്ള മറ്റൊരു കാര്യം, ബാഗ്ലൂരിൽനിന്ന് മംഗലാപുരത്തേയ്ക്ക് ട്രെയിനിൽ വന്ന കേരളീയരെ മംഗലാപുരം ടൗൺഹാളിൽ ക്വാറന്റൈൻ ഏർപ്പെടുത്തി ബുദ്ധിമുട്ടിക്കുന്ന അവസ്ഥയുണ്ട്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി അടിയന്തരമായി ഇക്കാര്യത്തിൽ ഇടപെടണം. എന്റെ നാട്ടിലെ വിദ്യാർത്ഥികൾക്കും രോഗികൾക്കും മറ്റുള്ളവർക്കും മംഗലാപുരത്തേയ്ക്ക് പോകാനുള്ള അവസരമൊരുക്കണമെന്നാണ് ഈ സബ്മിഷനിലൂടെ അഭ്യർത്ഥിക്കുന്നത്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, കാസർഗോഡുള്ളവരുടെ, പ്രത്യേകിച്ച് മഞ്ചേശ്വരം ഭാഗത്തുള്ളവരുടെ ഗൗരവമായ പ്രശ്നമാണ് ബഹുമാനപ്പെട്ട അംഗം ഇവിടെ ചൂണ്ടിക്കാണിച്ചത്. കേരളത്തിൽനിന്നും കർണ്ണാടകത്തിലേയ്ക്ക് യാത്ര ചെയ്യുന്നവർക്ക് 72 മണിക്കൂറിനുള്ളിൽ കോവിഡ് ആർ.ടി.പി.സി.ആർ. നെഗറ്റീവ് സർട്ടിഫിക്കറ്റ് കർണ്ണാടക സർക്കാർ നിർബന്ധമാക്കിയിരിക്കുന്നു. ആഗസ്റ്റ് 2 മുതൽ തലപ്പാടിയിലെ അതിർത്തി ചെക്ക്പോസ്റ്റിൽ കർണ്ണാടകയിലെ ഉദ്യോഗസ്ഥർ ഇതിനായുള്ള പരിശോധന കർശനമാക്കിയിട്ടുണ്ട്. അതിന്റെ പ്രയാസങ്ങളാണ് ബഹുമാനപ്പെട്ട അംഗം ഇവിടെ വിവരിച്ചത്. പുതുതായി ഏർപ്പെടുത്തിയ നിയന്ത്രണം ചികിത്സയ്ക്കായി പോകുന്നവർക്കും അവശ്യസേവന മേഖലയിലുള്ളവർക്കും ബുദ്ധിമുട്ടുണ്ടാകാതിരിക്കാൻ പോലീസ് പ്രത്യേക ശ്രദ്ധ ചെലുത്തിവരുന്നുണ്ട്. കാസർഗോഡുനിന്ന് സ്ഥിരമായി മംഗലാപുരത്തേയ്ക്ക് പോയിവരുന്ന യാത്രക്കാർക്ക് മുൻഗണന നൽകി ആർ.ടി.പി.സി.ആർ. ടെസ്റ്റ് നടത്തുന്നതിന് അതിർത്തിയിൽ സൗകര്യവും ഏർപ്പെടുത്തിയിട്ടുണ്ട്. നമ്മുടെ ഒരു ഉത്തരവിലൂടെ മാറ്റാവുന്ന കാര്യമല്ലത്. അതുകൊണ്ട് നമുക്കിവിടെ ചെയ്യാൻ കഴിയുന്ന സൗകര്യങ്ങൾ നാം ചെയ്യുക. രണ്ട് ഡോസ് കോവിഡ് വാക്സിനേഷൻ പൂർത്തീകരിച്ച സർട്ടിഫിക്കറ്റ് ഹാജരാക്കുന്ന പക്ഷം, ആർ.ടി.പി.സി.ആർ. ടെസ്റ്റ് നിർബന്ധമാക്കിയിട്ടുള്ള ആവശ്യങ്ങൾക്കായി എത്തുന്നവർക്ക് അതിനുള്ള അനുമതി നൽകുന്നതാണ്. യാത്രയ്ക്കായി ചെക്ക്പോസ്റ്റിൽ എത്തുന്നവരുടെ സംശയ ദൂരീകരണത്തിനും ക്രമസമാധാനപാലനത്തിനും ആവശ്യമായ പോലീസിനെ നിയോഗിച്ചിട്ടുണ്ട്. കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തിന്റെ ഉത്തരവുപ്രകാരം സംസ്ഥാനത്തിനകത്തേയ്ക്കും പുറത്തേയ്ക്കുമുള്ള യാത്രകൾക്ക് വിലക്ക് ഏർപ്പെടുത്തി അതിർത്തികൾ അടയ്ക്കാൻ പാടുള്ളതല്ല. കേന്ദ്രസർക്കാർ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായാണ് കർണ്ണാടക സർക്കാർ പുതിയ നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിരിക്കുന്നത്. കർണ്ണാടക സർക്കാരിന്റെ ഈ നടപടിമൂലം

LIBRARY ARCHIVES Kerala Legislative Assembly

ജനങ്ങൾക്ക് ബുദ്ധിമുട്ടുണ്ടാകാതിരിക്കുന്നതിന് സംസ്ഥാന പോലീസ് മേധാവി നടത്തിയ ആശയവിനിമയത്തെത്തുടർന്ന് ഇക്കാര്യത്തിൽ ആവശ്യമായ നടപടി സ്വീകരിക്കാമെന്ന് കർണ്ണാടക സംസ്ഥാന പോലീസ് മേധാവി അറിയിച്ചിട്ടുണ്ട്. മറ്റ് കാര്യങ്ങളിൽ ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ച രീതിയിൽ കർണ്ണാടക സർക്കാരുമായി ബന്ധപ്പെടുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരികയും ചെയ്യുന്നു.

(3) കൈവശഭൂമിക്ക് പട്ടയം

ശ്രീ. ടി. സിദ്ദിഖ്: സർ, റവന്യൂ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുവേണ്ടി അങ്ങ് നടത്തിക്കൊണ്ടിരിക്കുന്നതും വിഭാവനം ചെയ്തതുമായ പദ്ധതികളെ പ്രത്യേകം പരാമർശിക്കുന്നു. സമാനമായ ഈ പ്രശ്നത്തെ സംബന്ധിച്ച് നേരത്തെ ബഹുമാനപ്പെട്ട മന്ത്രിക്ക് നിവേദനം നൽകിയിട്ടുണ്ട്. വൈത്തിരി താലൂക്കിൽപ്പെട്ട വെള്ളരിമല, കോട്ടപ്പടി, തരിയോട്, ചുണ്ടേൽ തുടങ്ങിയ എല്ലാ വില്ലേജുകളിലും എന്റെ നിയോജകമണ്ഡലത്തിലെ എല്ലാ പഞ്ചായത്തുകളിലും ഭൂമി കൈവശം വച്ചുവരുന്നവരും ആയതിൽ വീട് നിർമ്മിച്ചവരും കാർഷികവൃത്തി നടത്തിക്കൊണ്ടിരിക്കുന്നവരുമായ ആയിരക്കണക്കിനാളുകൾക്ക് പട്ടയവും കൈവശരേഖകളും ലഭിക്കാത്തതും നേരത്തെ സ്വീകരിച്ചിരുന്ന നികുതി ഇപ്പോൾ സ്വീകരിക്കാത്തതുമായ പ്രശ്നങ്ങൾ ഗൗരവത്തോടുകൂടി കണ്ട് പരിഹാരമുണ്ടാക്കണമെന്ന് പ്രത്യേകം അഭ്യർത്ഥിക്കുകയാണ്. ഇത്തരം ഭൂമിയിൽ നിലവിലുള്ള ഭവനങ്ങൾക്ക് നമ്പർ നൽകുവാനോ മറ്റ് ക്രയവിക്രയങ്ങൾ നടത്തുവാനോ വിദ്യാഭ്യാസ വായ്പയുൾപ്പെടെയുള്ള വായ്പകളെടുക്കാനോ സാധിക്കുന്നില്ല. ഈ പ്രശ്നം പരിഹരിക്കുന്നതിനായി റവന്യൂ-വനം വകുപ്പുകൾ സംയുക്ത വെരിഫിക്കേഷൻ നടത്തിയ സ്ഥലത്തുപോലും ഇത് സാദ്ധ്യമല്ലാത്തതായ ഗൗരവമായ പ്രശ്നം നിലനിൽക്കുകയാണ്. ഇതുമായി ബന്ധപ്പെട്ടുകൊണ്ട് സീലിംഗ് ലിമിറ്റിൽ ഭൂമി കൈവശം വയ്ക്കുന്നവർക്ക് അവരുടെ ആവശ്യങ്ങൾക്ക് ഉപയോഗിക്കാനുള്ള അവകാശം നൽകാനുള്ള നടപടികളുണ്ടാകണം. ഭൂമിയുടെ അളവ് ഇപ്പോഴുള്ള ഉടമയുടേതായി പരിഗണിക്കാൻ ഒറിജിനൽ ഡിക്ലറന്റിന്റെ കൈവശഭൂമി പരിഗണിച്ചാകരുത് എന്നുള്ളതും പ്രത്യേകം പരാമർശിക്കുന്നു. ഭൂപരിധിക്കുള്ളിൽ ഭൂമി കൈവശം വയ്ക്കുന്നവർക്ക് കെ.എൽ.ആർ. സർട്ടിഫിക്കറ്റ് നൽകാൻ നിർദ്ദേശിക്കണമെന്ന് പ്രത്യേകം അഭ്യർത്ഥിക്കുന്നു. ഭൂപരിധിക്കുള്ളിൽ ഭൂമി കൈവശം വയ്ക്കുന്ന ഭൂഉടമകൾക്ക് ഭൂമി ക്രയവിക്രയം ചെയ്യാനും വീട് വയ്ക്കാനും വായ്പയെടുക്കാനും കെട്ടിടം നിർമ്മിക്കാനുമുള്ള അവകാശം നൽകാനുള്ള തീരുമാനമുണ്ടാകണം. വലിയ പ്ലാന്റേഷനുകൾക്കും ഭൂപരിധിയിൽ കൂടുതൽ ഭൂമി കൈവശം വയ്ക്കുന്നവരല്ലാത്തവരുമായ ആളുകൾക്ക് ഭൂമിയിൽ വീട് വയ്ക്കാൻ, കെട്ടിടം പണിയാൻ, ഭൂമി ക്രയവിക്രയം ചെയ്യാൻ, വായ്പയെടുക്കാൻ

LIBRARY ARCHIVES Kerala Legislative Assembly